പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 941 **14-10-2026-ൽ മറുപടിയ്ക്ക്**

കോതമംഗലം ആവോലിച്ചാൽ കുടിവെള്ള പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു തെക്കുംപുറം ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ആവോലിച്ചാൽ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: ആവോലിച്ചാലിൽ 3.55 MLD ശേഷിയുള്ള ജലശുദ്ധീകരണശാല ഉൾപ്പെടുന്ന കവളങ്ങാട് പഞ്ചായത്തിനായുള്ള കുടിവെള്ള പദ്ധതി ജൽ ജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 3 പാക്കേജുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്.

പാക്കേജ് I : 3.55 MLDശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണവും പമ്പിങ് ലൈനും പമ്പ്സെറ്റുകളും സ്ഥാപിക്കലും - പ്രവൃത്തിയുടെ കരാർ നൽകിയിരുന്നുവെങ്കിലും കരാറുകാരന്റെ മരണത്തെ തുടർന്ന് പ്രവൃത്തി അവസാനിപ്പിക്കേണ്ടി വരികയും നിലവിൽ പുനർ ദർഘാസിനായുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

പാക്കേജ് II നിലവിലുള്ള പമ്പ് ഹൗസിന്റെ നവീകരണം കിണറിലേക്ക് പുഴയിൽനിന്നും Leading Channel നിർമ്മാണം, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തി ടി പ്രവൃത്തികൾ 30.09.2026 ൽ പൂർത്തീകരിച്ചു.

പാക്കേജ് III - കൊട്ടാരംമുടിയിൽ 2.5 ലക്ഷം ലിറ്റർ ശുദ്ധജലസംഭരണി നിർമ്മാണം, വില്ലാഞ്ചിറയിൽ 1.5 ലക്ഷം ശുദ്ധജലസംഭരണി നിർമ്മാണം, 75 KMവിതരണ ശൃംഖല, 4827 കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവ ഉൾപ്പെടുന്നു. നിലവിൽ ഈ പ്രവൃത്തി 65 % പൂർത്തീകരിച്ചിട്ടുണ്ട്. ഈ പാക്കേജ് 2027 ഡിസംബർ 31 നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മറുപടി: പദ്ധതിയുടെ ഭാഗമായി റാ വാട്ടർ പമ്പിങ് മെയിൻ, റാ വാട്ടർ പമ്പ്സെറ്റ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൊട്ടാരമുടിയിലും വിലാഞ്ചിറയിലും നിർമ്മിക്കുന്ന ജലസംഭരണികളുടെയും 75 km വിതരണ ശൃംഖലയുടെയുടെയും പ്രവൃത്തികൾ 2026 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കാൻ സാധിക്കും. ആവോലിച്ചാലിൽ 3.55MLD ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിന് 18മാസം സമയം ആവശ്യമാണ്. ആയതിന്റെ നിർമ്മാണ പ്രവൃത്തി അവാർഡ് ചെയ്യുന്ന ദിവസം മുതൽ 18 മാസത്തിനകം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും.

സെക്ഷൻ ഓഫീസർ